**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാപ്പി കർഷകർക്ക് സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലം വയനാട് ജില്ലയിലെ കാപ്പി കർഷകർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാപ്പി കർഷകർക്ക് വേണ്ട സഹായങ്ങൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനു സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും ചേർത്ത് നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കാപ്പി കർഷകർക്ക് പ്രകൃതി ക്ഷോഭം മൂലമോ വന്യജീവി ആക്രമണം മൂലമോ ഉണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ട്.**<br><br>**പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ നിലവിൽ തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ എന്നിവയ്ക്ക് പ്രീമിയം ഇനത്തിൽ കേന്ദ്ര സബ്സിഡി നൽകുന്നില്ല. കേരളത്തിൽ വ്യാപകമായി കൃഷി ചെയ്തു വരുന്നതും കാലാവസ്ഥാവ്യതിയാനം മൂലം വിള നഷ്ടം സംഭവിക്കുകയും ചെയ്യുന്നതിനാൽ ഈ വിളകൾക്ക് കൂടി പ്രീമിയം ഇനത്തിൽ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.**<br><br>**വയനാട് ജില്ലയിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി 262.5 ലക്ഷം രൂപ അടങ്കലായി "സമഗ്ര കാപ്പി കൃഷി വികസന പദ്ധതി" യുടെ പ്രൊപ്പോസൽ ജില്ലാതല കമ്മിറ്റി അംഗീകരിച്ച് സ്റ്റേറ്റ് ലെവൽ എംപവർമേന്റ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.**<br><br>**സമഗ്ര കാപ്പി കൃഷി വികസന പദ്ധതിയിൽ മൈക്രോ ഇറിഗേഷൻ എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | കാലാവസ്ഥാ വ്യതിയാനം മൂലം കാപ്പി വിളവിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ മറികടക്കാൻ ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുന്ന കാര്യം കൃഷി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (ബി) | മറുപടി "എ" പിരിവിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ